(സി) വിഷയം പരിശോധിച്ചു വരുന്നു.

(ഡി) ഇല്ല.

(ഇ) ഉദിക്കുന്നില്ല.

ലേബർ അജണ്ട 2000

9(*38) ശ്രീ. എം. നാരായണൻ (കുഴൽമന്ദം) :
ശ്രീ. വി. കെ. ചന്ദ്രൻ :
ശ്രീ. വർഗ്ഗീസ് വൈദ്യർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന തൊഴിൽ വകുപ്പ് പ്രഖ്യാപിച്ചിട്ടുള്ള ലേബർ അജണ്ട 2000 അനുസരിച്ച് എന്തൊക്കെ പദ്ധതികൾക്കാണ് രൂപം നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

(ബി) ഇത് പ്രകാരം രൂപീകരിച്ച ഒന്നാം ലേബർ കമ്മീഷന്റെ ഘടന, പ്രവർത്തനങ്ങൾ ഇവ വിശദമാക്കുമോ ;

(സി) നിർദ്ദിഷ്ട ലേബർ ബാങ്കിന്റെ രൂപീകരണം പൂർത്തിയായോ ; ഇതിന്റെ ഉദ്ദേശലക്ഷ്യങ്ങൾ വ്യക്തമാക്കുമോ ;

(ഡി) സംസ്ഥാനത്തെ തൊഴിലാളികൾക്ക് ലേബർ ബാങ്ക് മുഖേന സാമ്പത്തിക സഹായങ്ങൾ ലഭ്യമാക്കുന്നതിന് പദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ടോ ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ ;

(ഇ) ലേബർ ബാങ്കിന്റെ പ്രവർത്തനത്തിനാവശ്യമായ ഫണ്ട് എപ്രകാരം സ്വരൂപിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്തുമോ ?

ജലസേചനവും തൊഴിലും വകുപ്പുമന്ത്രി (ശ്രീ. വി. പി. രാമകൃഷ്ണപിള്ള) :

(എ) തൊഴിലാളികളുടെ സർവ്വതോൻമുഖമായ അഭിവൃദ്ധിക്കായി കേരള സർക്കാർ ആവിഷ്ക്കരിച്ചു നടപ്പാക്കി വരുന്ന 12 ഇന പരിപാടിയാണ് ലേബർ അജണ്ട 2000. വിശദമായ വിവരം അനുബന്ധമായി ചേർത്തിട്ടുണ്ട്.†

(ബി) കമ്മീഷൻ രൂപീകരിച്ചിട്ടില്ല.

(സി) നിർദ്ദിഷ്ട ലേബർ ബാങ്കിന്റെ രൂപീകരണം പൂർത്തിയായിട്ടില്ല. തൊഴിലാളികളെ കടക്കെണിയിൽ നിന്നും രക്ഷിക്കുന്നതിന് ലഘുവ്യവസ്ഥകൾക്ക് വിധേയമായി നുറുങ്ങ് വായ്പകൾ (മൈക്രോ ക്രെഡിറ്റ്) നൽകുക എന്നതാണ് ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ.

(ഡി) ഇതിനുള്ള പദ്ധതി പരിഗണനയിലാണ്.

(ഇ) ബാങ്കിന്റെ വിശദാംശങ്ങൾ പരിശോധിച്ച് വരുന്നതേയുള്ളൂ.

---

†അനുബന്ധം II

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം - I

[19-12-2000-ലെ നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ 9(*38)-ന്റെ (എ) ഉത്തരം ദയവായി കാണുക]

ലേബർ അജണ്ട, 2000

പുതിയ നൂറ്റാണ്ടിലേക്ക് പ്രവേശിക്കുന്ന തൊഴിലാളി വർഗ്ഗത്തിന്റെ ക്ഷേമവും വികസനവും ഉറപ്പ് വരുത്താൻ ഗവൺമെന്റ് ആവിഷ്ക്കരിച്ചു നടപ്പാക്കാൻ ഉദ്ദേശിക്കുന്ന പത്തിന കർമ്മപദ്ധതിയാണ് ലേബർ അജണ്ട, 2000.

ലേബർ അജണ്ട, 2000-ൽ ഉൾപ്പെടുന്ന പദ്ധതികൾ ചുവടെ ചേർക്കുന്നു :

1. തൊഴിലാളികൾക്ക് അവശ്യഘട്ടങ്ങളിൽ അനായാസമായി ചെറുകിട വായ്പ ലഭ്യമാക്കാനും അവരെ കടക്കെണിയിൽ നിന്നും മോചിപ്പിക്കാനും ഒരു ലേബർ ബാങ്ക് സ്ഥാപിക്കും.

2. വ്യവസായ തർക്ക നിയമങ്ങളിലും ട്രേഡ് യൂണിയൻ നിയമങ്ങളിലും കാലോചിതമായ പരിഷ്ക്കാരങ്ങൾ വരുത്തുവാൻ ആവശ്യമായ പഠനം നടത്തി നിർദ്ദേശങ്ങൾ നൽകാൻ ഒരു ലേബർ കമ്മീഷൻ രൂപീകരിക്കും.

3. എല്ലാ തൊഴിലാളികൾക്കും വീട് ഉറപ്പാക്കാൻ വിവിധ ഏജൻസികളെ ഏകോപിപ്പിച്ച് പൂർണ്ണപാർപ്പിട പദ്ധതി നടപ്പാക്കും.

4. തൊഴിലാളികളുടെ സുരക്ഷയ്ക്കായി സമഗ്ര ഇൻഷുറൻസ് പദ്ധതി നടപ്പാക്കും.

5. തൊഴിലാളികളുടെ മക്കൾക്ക് ഗുണമേന്മയുള്ള വിദ്യാഭ്യാസം നൽകാൻ ഒരു ലേബർ അക്കാഡമി സ്ഥാപിക്കും.

6. ആഗോളവത്കൃത സമൂഹത്തിൽ തൊഴിലാളി താല്പര്യം സംരക്ഷിക്കാനും പുത്തൻ സാങ്കേതികവിദ്യകളിൽ പരിശീലനം നൽകി തൊഴിലാളികളെ പ്രാപ്തരാക്കാനും തൊഴിൽ രംഗത്ത് ഗവേഷണപഠനങ്ങൾ നടത്താനുമായി അന്തർദേശീയ നിലവാരത്തിൽ ഒരു ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലേബർ റിലേഷൻസ് ആന്റ് മാനേജ്മെന്റ് സ്ഥാപിക്കും. കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലേബർ ആന്റ് എംപ്ലോയ്മെന്റ് പുനഃസംഘടിപ്പിച്ചായിരിക്കും ഇത് നടപ്പിലാക്കുക.

7. വിവിധ ക്ഷേമനിധി ബോർഡുകളെ ഏകോപിപ്പിക്കാനും അവയുടെ പ്രവർത്തനം കൂടുതൽ പ്രയോജനപ്രദമാക്കാനും ഒരു ലേബർ അതോറിറ്റി രൂപീകരിക്കും.

8. തൊഴിലാളികളുടെ ആരോഗ്യ പരിപാലനം കൂടുതൽ കാര്യക്ഷമമാക്കാൻ സംസ്ഥാനത്ത് മാത്രമായി ഒരു ഇ. എസ്. ഐ. കോർപ്പറേഷൻ രൂപീകരിക്കും.

LIBRARY ARCHIVES Kerala Legislative Assembly

9. പൂട്ടിയിട്ട തൊഴിൽ ശാലകളിലെ തൊഴിലാളികൾക്ക് സാമ്പത്തിക സഹായം നൽകാൻ പ്രത്യേക പദ്ധതി ആവിഷ്ക്കരിച്ച് നടപ്പാക്കും.

10. തൊഴിൽ രംഗത്തെ അതിപ്രധാനമായ പ്രശ്നങ്ങളിൽ അഭിപ്രായസമന്വയം ഉണ്ടാക്കിയെടുക്കാൻ തൊഴിലാളി-തൊഴിലുടമാ പ്രതിനിധികളും സർക്കാരും ഉൾപ്പെട്ട ഒരു ത്രികക്ഷി സംവിധാനമായി സംസ്ഥാനതല ലേബർ കോൺഫറൻസ് സംഘടിപ്പിക്കും.

11. കേരളത്തിൽ ബാലവേല നിറുത്തലാക്കും.

12. തൊഴിൽരംഗം കൂടുതൽ ചലനാത്മകമാക്കാനും ലേബർ അജണ്ടയെപ്പറ്റി ബോധവൽക്കരണം നടത്താനുമായി 2000-ആണ്ട് തൊഴിൽ വർഷമായി ആചരിക്കും.

അനുബന്ധം - II

[19-12-2000-ലെ നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ 11 (*40) -ന്റെ 'എ' ഉത്തരം ദയവായി കാണുക]

സംസ്ഥാനത്തെ വൈദ്യുതി രംഗത്ത് ഈ സർക്കാർ സ്വീകരിച്ച നടപടികളുടെ ഭാഗമായി താഴെ പറയുന്ന നേട്ടങ്ങൾ കൈവരിക്കുന്നതിന് സാധിച്ചിട്ടുണ്ട്.

1. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഉൽപ്പാദന രംഗത്ത് താഴെ പറയുന്ന പദ്ധതികളുടെ പണി പൂർത്തിയാക്കി വൈദ്യുതി ഉൽപ്പാദനം ആരംഭിച്ചിട്ടുണ്ട്.

പേപ്പാറ	—	3 MW
ലോവർ പെരിയാർ	—	180 MW
പി. എൽ. ബി. എക്സ്റ്റൻഷൻ	—	16 MW
കക്കാട്	—	50 MW
മാട്ടുപ്പെട്ടി	—	2MW
ബ്രഹ്മപുരം	—	106.6 MW
കോഴിക്കോട്	—	128 MW
കായംകുളം	—	350 MW
ബി.എസ്.ഇ.എസ്. കൊച്ചി	—	121.5 MW
		957.1 MW

LIBRARY ARCHIVES Kerala Legislative Assembly